# ജിബൂത്തിയിൽ ജയിലിലടക്കപ്പെട്ടവരെ മോചിപ്പിക്കണമെന്ന് ലോക മുസ്‌ലിം പണ്ഡിത സഭ

**ജിബൂത്തിയിൽ** കഴിഞ്ഞ ഫെബ്രുവരിയിൽ നടന്ന പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജയിലിലടക്കപ്പെട്ട മുഴുവൻ രാഷ്ട്രീയ മത നേതാക്കളെയും മോചിപ്പിക്കണമെന്നും പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രതിപക്ഷവുമായി സന്ധിസംഭാഷണം നടത്തണമെന്നും ലോക മുസ്‌ലിം പണ്ഡിത സഭ സർക്കാറിനോടാവശ്യപ്പെട്ടു. അറബ് ലീഗ് അംഗ രാഷ്ട്രമായ ജീബൂത്തിയിൽ നടന്നുവരുന്ന രാഷ്ട്രീയ സംഘട്ടനങ്ങളിൽ പണ്ഡിത സഭ ഖേദം രേഖപ്പെടുത്തി.


● ഇസ്മാഈൽ ഉമർ ജീലി

ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ കൃത്രിമം നടന്നതായാണ് പ്രതിപക്ഷത്തിന്റെ ആരോപണം. തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്ന ശേഷം രാജ്യത്ത് വൻ ജനകീയ പ്രകടനങ്ങളാണ് നടന്നുവരുന്നത്. തുടർന്ന് പ്രതിപക്ഷ രാഷ്ട്രീയ പാർട്ടി അംഗങ്ങളെ വ്യാപകമായി വേട്ടയാടുകയാണ് ജിബൂത്തി ഭരണകൂടം. എന്നാൽ, അടിച്ചമർത്തലിന്റെയും ജനങ്ങളുടെ സ്വാതന്ത്ര്യ നിഷേധത്തിന്റെയും കാലം കഴിഞ്ഞുവെന്നും നീതി നിഷേധത്തിലൂടെ ഒരു ഭരണകൂടത്തിനും ഇനി നിലനിൽക്കാനാകില്ലെന്നും ലോക മുസ്‌ലിം പണ്ഡിത സഭ സർക്കാറിനെ ഓർമിപ്പിച്ചു.

എത്യോപ്യ, ഐരിത്ര്യ, സോമാലിയ എന്നീ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന ജീബൂത്തി 94 ശതമാനം മുസ്‌ലിംകളുള്ള ആഫ്രിക്കൻ രാഷ്ട്രമാണ്. ഫ്രഞ്ച് കോളനിയായിരുന്ന ജീബൂത്തി 1977-ൽ സ്വതന്ത്രമായി. അറബിയും ഫ്രഞ്ചുമാണ് ഔദ്യോഗിക ഭാഷകൾ. മേഖലയിലെ ഇതര നാടുകളെപ്പോലെ ജീബൂത്തിയിലും വ്യക്തി സ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളുമെല്ലാം കേട്ടുകേൾവിയാണ്. ഭരണാധികാരികൾ സാമ്രാജ്യത്വ താൽപര്യങ്ങൾ സംരക്ഷിച്ചുപോരുന്നതുകൊണ്ട് 'അല്ലലി'ല്ലാതെ നാട് ഭരിക്കുന്നു. 1999-ൽ പ്രസിഡന്റായി അധികാരമേറ്റ ഇസ്മാഈൽ ഉമർ ജീലി പദവിയിൽ തുടരുന്നു. ജിബൂത്തിയിലെ പ്രതിപക്ഷ കലാപങ്ങൾ 1999 മുതൽ തുടങ്ങിയതാണ്. ■

# തുർക്കിയോടാണെങ്കിൽ ഇസ്രയേലും മാപ്പ് ചോദിക്കും

**ഫലസ്തീനിലെ** ഗസ്സയിലേക്ക് മാനുഷിക സഹായമെത്തിക്കാൻ പുറപ്പെട്ട തുർക്കി കപ്പലിനെ ആക്രമിച്ചതിന് ഇസ്രയേൽ പ്രസിഡന്റ് ബെൻയാമീൻ നെതന്യാഹു തുർക്കിയോട് മാപ്പ് ചോദിച്ചു. 2010-ൽ നടന്ന ഹീന കൃത്യത്തെ മുഴുവൻ സമാധാന സ്നേഹികളും അപലപിച്ചിരുന്നു. ഇസ്രയേലി ആക്രമണത്തിൽ കപ്പലിലുണ്ടായിരുന്ന 9 തുർക്കി മനുഷ്യാവകാശ പ്രവർത്തകർ കൊല്ലപ്പെടുകയുണ്ടായി. തുർക്കി പ്രധാനമന്ത്രി റജബ് ത്വയ്യിബ് ഉർദുഗാനുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിൽ കപ്പൽ ആക്രമണത്തിൽ തുർക്കി ജനതയോട് മാപ്പ് ചോദിച്ച നെതന്യാഹു സംഭവത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് തക്കതായ നഷ്ടപരിഹാരം നൽകാൻ തയാറാണെന്ന് അറിയിക്കുകയും ചെയ്തു.



എന്നാൽ, ഇസ്രയേലി വിദേശകാര്യ മന്ത്രിയും സർക്കാറിനെ നയിക്കുന്ന മുന്നണിയിലെ രണ്ടാമനുമായ ലിബർമാൻ തുർക്കിയോട് മാപ്പ് ചോദിച്ച നെതന്യാഹുവിന്റെ നിലപാടിനെ ശക്തിയായി വിമർശിച്ചു. മാപ്പ് ചോദിച്ചതിലൂടെ വൻ തെറ്റാണ് നെതന്യാഹു ചെയ്തതെന്നും സംഭവം ഇസ്രയേലി സൈന്യത്തിന്റെ ആത്മവീര്യം തകർക്കുമെന്നും ലിബർമാൻ വാദിക്കുന്നു.

അമേരിക്കൻ പ്രസിഡന്റ് ബാറാക് ഒബാമയുടെ സന്ദർശനത്തിനു തൊട്ട് പിറകെയുണ്ടായ നെതന്യാഹുവിന്റെ ക്ഷമാപണത്തിന് അനേകം രാഷ്ട്രീയ ലക്ഷ്യങ്ങളുള്ളതായാണ് നിരീക്ഷകർ കരുതുന്നത്. മേഖലയിലെ മാറിയ സാഹചര്യത്തിൽ തുർക്കിയുമായി തെറ്റിനിൽക്കുന്നത് ജൂത രാഷ്ട്രത്തിന് ഗുണത്തേക്കാളേറെ ദോഷമാണ് വരുത്തിവെക്കുകയെന്നതാണ് അതിലൊന്ന്. ■

# സ്ഫോടനത്തിൽ പൊലിഞ്ഞത് ലോക പ്രശസ്ത ഇസ്‌ലാമിക പണ്ഡിതൻ

**ലോക** പ്രശസ്ത ഇസ്‌ലാമിക പണ്ഡിതൻ മുഹമ്മദ് സഈദ് റമദാൻ അൽബൂത്വി സ്ഫോടനത്തിൽ കൊല്ലപ്പെട്ടു. ഉത്തര ദമസ്ക്കസിലെ അൽഈമാൻ പള്ളിയെ ലക്ഷ്യമിട്ട് അജ്ഞാതർ നടത്തിയ ആക്രമണത്തിലാണ് റമദാൻ അൽബൂത്വിക്ക് ജീവൻ നഷ്ടപ്പെട്ടത്. സിറിയയിലെ പ്രശസ്ത സുന്നി പണ്ഡിതനായിരുന്ന അൽബൂത്വിയുടെ ബശ്ശാർ അനുകൂല നിലപാടുകൾ അവസാന കാലത്ത് വൻ പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു. സിറിയയിൽ നടക്കുന്ന രക്തച്ചൊരിച്ചിലിന് അൽബൂത്വിയുടെ ബശ്ശാർ അനുകൂല സമീപനവും കാരണമായതായി 'സ്വതന്ത്ര സേന' പലതവണ ആരോപിച്ചിട്ടുണ്ട്.

ഇസ്‌ലാമിക വിജ്ഞാനശാഖകളിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന അൽബൂത്വി ഈജിപ്ത്, സിറിയൻ സർവകലാശാലകളിൽ ഉന്നത സ്ഥാനം വഹിച്ചിരുന്നു.

*റമദാൻ അൽബൂത്വി*



ഓക്സ്ഫോർഡ് അക്കാദമി ഉന്നത സഭയിൽ അംഗമായിരുന്നു. ഇസ്‌ലാമിക രംഗത്തെ സേവനത്തിന് നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. വിവിധ ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ 60 ഓളം പുസ്തകങ്ങൾ രചിച്ചു. അദ്ദേഹത്തിന്റെ 'ഫിഖ്ഹുസ്സീറ അന്നബവിയ്യ' ഇസ്‌ലാമിക ലോകത്ത് ഏറെ പ്രശസ്തി നേടിയ ഗ്രന്ഥമാണ്.

മരണംപോലെ മുഹമ്മദ് റമദാൻ അൽബൂത്വിയുടെ അന്ത്യ വിശ്രമ സ്ഥാനവും വിവാദ വിഷയമായി. ബൈത്തുൽ മഖ്ദിസ് വിമോചകൻ സ്വലാഹുദ്ദീൻ അയ്യൂബിയുടെ ഖബ്റിനരികെ മറവു ചെയ്തതാണ് സിറിയൻ പ്രതിപക്ഷത്തിന്റെ പ്രതിഷേധത്തിനിടയാക്കിയത്. ബശ്ശാർ അനുകൂലിയെന്ന 'ലേബൽ' ഇസ്‌ലാമിക ലോകത്തും റമദാൻ അൽബൂത്വിയെ അവസാന നാളുകളിൽ ഒറ്റപ്പെടുത്തിയിരുന്നു.

# ആസ്ത്രേലിയൻ മുസ്‌ലിം സമ്മേളനം ചരിത്രമായി

**ഇസ്‌ലാമിനെക്കുറിച്ച** തെറ്റിദ്ധാരണകളകറ്റി ശരിയായ സന്ദേശം ജനങ്ങളിലേക്കെത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടന്ന ആസ്ത്രേലിയൻ മുസ്‌ലിംകളുടെ ഏറ്റവും വലിയ സമ്മേളനത്തിനാണ് കഴിഞ്ഞാഴ്ച മെൽബൺ സാക്ഷ്യം വഹിച്ചത്. സമ്മേളനത്തെ ചരിത്രപരം എന്നാണ് ആസ്ത്രേലിയൻ മുസ്‌ലിംകൾ വിശേഷിപ്പിച്ചത്. Australian Islamic Peace Conference എന്ന പേരിൽ മൂന്നുദിവസങ്ങളിലായി നടന്ന സമ്മേളനം Islamic Research and Educational Academy (IREA) ആണ് സംഘടിപ്പിച്ചത്. മുസ്‌ലിംകളും ഇതര മത വിശ്വാസികളും തമ്മിലുള്ള അകലം ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സമ്മേളനം സംഘടിപ്പിച്ചതെന്ന് IREA ഭാരവാഹികൾ പറഞ്ഞു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള മുസ്‌ലിം പണ്ഡിതർ പരിപാടിയിൽ സന്നിഹിതരായി. ഹറം ഇമാം ശൈഖ് അബ്ദുർറഹ്മാൻ അൽസുദൈസ് സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുമെന്ന് അറിയിച്ചിരുന്നെങ്കിലും വ്യക്തിപരമായ കാരണങ്ങളാൽ അദ്ദേഹത്തിന് എത്താനായില്ലെന്ന് ഭാരവാഹികൾ അറിയിച്ചു. ■

## സിറിയൻ പ്രതിപക്ഷത്തിന്റെ ഇസ്‌ലാമിക ആഭിമുഖ്യം അമേരിക്കയെ അലട്ടുന്നുവെന്ന്

**സിറിയൻ** ഏകാധിപതി ബശ്ശാറുൽ അസദിനെതിരെ പോരാടുന്നവരുടെ കൂട്ടത്തിൽ ഇസ്‌ലാമിക പാർട്ടികളുടെ സ്വാധീനം അമേരിക്കയെ വ്യാകുലപ്പെടുത്തുന്നുവെന്ന് *ദ വാൾസ്ട്രീറ്റ് ജേണൽ.* അമേരിക്കൻ രഹസ്യന്വേഷണ വിഭാഗമായ സി.ഐ.എ സിറിയയിൽ അതിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിയതായും പ്രതിപക്ഷത്തെ ഇസ്‌ലാമിസ്റ്റുകളല്ലാത്ത പോരാളികൾക്ക് വ്യാപകമായി സഹായം ചെയ്തുവരുന്നതായും റിപ്പോർട്ട് പറയുന്നു. തുർക്കിയിലും മറ്റും വലയെറിഞ്ഞ് സി.ഐ.എ ഇസ്‌ലാമിസ്റ്റുകളുടെ കൈകളിൽ ആയുധങ്ങൾ എത്തിപ്പെടാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും സ്വീകരിച്ചുവരുന്നുണ്ടത്രെ.

ആയുധങ്ങൾ ഇസ്‌ലാമിസ്റ്റുകളുടെ കൈകളിലെത്തിയാൽ മാത്രം അപകടകരമാണെന്ന ധാരണ പരത്തുന്നതാണ് സാമ്രാജ്യത്വ തന്ത്രം.

## ഈജിപ്ഷ്യൻ സൈന്യത്തെ

**ഈജിപ്തിന്റെ** സൈനികശക്തി തകർക്കുന്നതിന്റെ ഭാഗമായി സൈനികർക്കിടയിൽ ആഭ്യന്തര കലാപം സൃഷ്ടിക്കാൻ ഈജിപ്തിലെ കമ്യൂണിസ്റ്റ് പാർട്ടികളും ജൂതലോബിയും ഗൂഢാലോചന നടത്തുന്നതായി അൽജസീറ ലേഖകൻ സാബിർ മശ്ഹൂർ റിപ്പോർട്ട് ചെയ്തു. സൈനികർക്കിടയിൽ കലഹമുണ്ടാക്കി സൈനിക ശക്തിയെ തകർക്കാനും രാജ്യത്ത് അക്രമങ്ങൾ അഴിച്ചുവിട്ട് ആഭ്യന്തര യുദ്ധത്തിലേക്ക് രാജ്യത്തെ തള്ളിവിടാനും ജൂത ലോബി കമ്യൂണിസ്റ്റ് പാർട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നതായാണ് ആരോപണം. ഈജിപ്ഷ്യൻ സൈന്യത്തെ തകർക്കണമെന്ന് ഒരു ജൂത കമ്യൂണിസ്റ്റ് നേതാവ് പരസ്യമായി ആഹ്വാനം നൽകിയതായി



*പത്രിക പ്രകാശനം യൂത്ത് ഇന്ത്യ പ്രസിഡന്റ് അർഷദിൽ നിന്ന് കോപ്പി ഏറ്റുവാങ്ങി പ്രശസ്ത സിനിമാ നിർമാതാവ് ബോബി അവാഗാമ നിർവഹിക്കുന്നു.*

## ശിഫ അൽജസീറ പ്രവാസി കലോത്സവം: പത്രിക പ്രകാശനം ചെയ്തു

**ഫഹാഹീൽ:** 'സർഗശക്തി സമൂഹ നന്മക്ക്' എന്ന പ്രമേയവുമായി കുവൈത്തിലെ പ്രവാസി മലയാളികൾക്കായി യൂത്ത് ഇന്ത്യ സംഘടിപ്പിക്കുന്ന 'ശിഫ അൽജസീറ പ്രവാസി കലോത്സവം 2013' ന്റെ പ്രചാരണ പത്രിക പ്രകാശനം യൂത്ത് ഇന്ത്യ പ്രസിഡന്റ് അർഷദിൽ നിന്ന് പത്രികയുടെ ആദ്യ കോപ്പി ഏറ്റുവാങ്ങി പ്രശസ്ത സിനിമാ നിർമാതാവ് ബോബി അവാഗാമ നിർവഹിച്ചു. ഈ വർഷത്തെ മികച്ച ദേശീയോദ്ഗ്രഥന ചിത്രവും കൽപനക്ക് സഹനടിക്കുള്ള ദേശീയ അവാർഡും നേടിക്കൊടുത്ത 'തനിച്ചല്ല ഞാൻ' എന്ന സിനിമയുടെ നിർമാതാവാണ് ബോബി അവാഗാമ. ഫഹാഹീലിൽ സംഘടിപ്പിച്ച ചടങ്ങിൽ യൂത്ത് ഇന്ത്യ പ്രസിഡന്റ് അർഷദ് അധ്യക്ഷത വഹിച്ചു. ബോബി അവാഗാമ സദസ്യരുമായി സംവദിച്ചു. മീഡിയ വൺ കുവൈത്ത് ബ്യൂറോ തലവൻ വി.പി ഷൗക്കത്തലി ആശംസയർപ്പിച്ചു. പ്രവാസികലോത്സവം ജനറൽ കൺവീനർ റഫീഖ് ബാബു സ്വാഗതം പറഞ്ഞു.

ഏപ്രിൽ 19-ന് വെള്ളിയാഴ്ച രാവിലെ 8 മണി മുതൽ അബ്ബാസിയ ഇന്ത്യൻ സെൻട്രൽ സ്കൂളിൽ വെച്ച് നടക്കുന്ന കലോത്സവത്തിൽ അബ്ബാസിയ, സാൽമിയ, ഫർവ്വാനിയ, ഫഹാഹീൽ എന്നീ നാലു സോണുകളായി തിരിച്ച് നടക്കുന്ന കലാവൈജ്ഞാനിക മത്സരങ്ങളിൽ ആയിരത്തോളം മത്സരാർഥികൾ പങ്കെടുക്കും. കിഡ്സ്, സബ്ജൂനിയർ, ജൂനിയർ, സീനിയർ, പുരുഷന്മാർ, സ്ത്രീകൾ എന്നീ വിഭാഗങ്ങളിലായി പ്രായഭേദമന്യേ കുവൈത്തിലെ മുഴുവൻ മലയാളികൾക്കും മത്സരങ്ങളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങളും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും www.youthindiakuwait.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വാട്ട്സ് അപ് മൊബൈൽ മെസ്സെഞ്ചർ വഴി 55652214 എന്ന നമ്പറിലൂടെയും പേര് രജിസ്റ്റർ ചെയ്യാം.

## ...ത്ത തകർക്കാൻ ആസൂത്രിത നീക്കം

'അൽ മിസ്‌രിയ്യൂൻ' പത്രവും റിപ്പോർട്ട് ചെയ്തു. ഹെന്റ്രി കോറൽ, യൂസുഫ് ദർവേശ്, ജാക് ഹസൂൻ തുടങ്ങിയ ഈജിപ്ഷ്യൻ ജൂത നേതാക്കളുടെ കീഴിൽ അനേകം കമ്യൂണിസ്റ്റ് രഹസ്യ സംഘടനകൾ രാജ്യത്ത് ഇതേ ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നതായും പത്രം ആരോപിച്ചു. ലിബിയയിലും യമനിലും ചെയ്തതുപോലെ സൈനികർക്കിടയിൽ കലഹമുണ്ടാക്കി അത് ജനങ്ങളിലേക്ക് വ്യാപിപ്പിച്ച് രാജ്യത്തെ അസ്ഥിരപ്പെടുത്താനാണ് ശ്രമമെന്നും പത്രം പറയുന്നു.

ഈജിപ്തിൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ നേതൃത്വം നൽകുന്ന ഇസ്‌ലാമിക സർക്കാർ അധികാരത്തിലെത്തിയതു മുതൽ ജനകീയ ഉയിർപ്പിനെ തല്ലിക്കെടുത്താൻ ജൂത ശക്തികൾ ഒളിഞ്ഞും തെളിഞ്ഞും ശ്രമിച്ചുവരുന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു. അത്തരം റിപ്പോർട്ടുകളെ സത്യപ്പെടുത്തുന്നതാണ് പുതിയ വെളിപ്പെടുത്തലുകൾ.

## പ്രതിഷേധക്കനൽ അണയുന്നില്ല

**ഇറാഖിൽ** പ്രധാന മന്ത്രി നൂരി അൽമാലിക്കിക്കെതിരെ സുന്നി വിഭാഗം പ്രതിഷേധം ശക്തമാക്കി. അൽമാലിക്കി നേതൃത്വം നൽകുന്ന സർക്കാറുമായി യാതൊരുവിധ ചർച്ചകൾക്കും തയാറല്ലെന്ന് പ്രക്ഷോഭകർ ആവർത്തിച്ചു. നൂരി അൽമാലിക്കി അധികാരം വിട്ടൊഴിയണമെന്നാണ് പ്രതിഷേധക്കാരുടെ ആവശ്യം.

അൽമാലിക്കി രാജിവെക്കാതെ അടങ്ങിയിരിക്കുകയില്ലെന്ന് ഇറാഖിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തി മൗസിലിൽ ഒത്തുകൂടിയ ആയിരക്കണക്കിന് പ്രക്ഷോഭകർ പ്രതിജ്ഞചെയ്തു. സുന്നി പണ്ഡിതരും നേതാക്കളും നേതൃത്വം നൽകുന്ന പ്രക്ഷോഭത്തെ സർക്കാറിന് കണ്ടില്ലെന്ന് നടിക്കാനാവില്ല. അതോടൊപ്പം പ്രതിഷേധ സ്വരങ്ങളെ അടിച്ചമർത്താനുള്ള ശ്രമവും ആരംഭിച്ചുകഴിഞ്ഞു.

ഗൾഫ്
വിശേഷം

# ഇസ്‌ലാം ആത്മീയതയെയും ഭൗതികതയെയും സമന്വയിപ്പിച്ച ദർശനം: വി.ടി അബ്ദുല്ലക്കോയ തങ്ങൾ




*കെ.ഐ.ജി കുവൈത്ത് അബ്ബാസിയയിൽ സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ കേരള ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി വി.ടി അബ്ദുല്ലക്കോയ തങ്ങൾ മുഖ്യ പ്രഭാഷണം നടത്തുന്നു.*

**കുവൈത്ത് സിറ്റി:** ജീവിതത്തിന്റെ എല്ലാ മേഖലകളിലും മാർഗദർശനം നൽകുന്ന സമഗ്രമായ ജീവിത ദർശനവും നിയമസംഹിതയുമാണ് ഇസ്‌ലാമെന്നും അത് പൂർണമായും നടപ്പിൽ വരുത്തുമ്പോഴാണ് സാമൂഹിക ജീവിതത്തിൽ അതിന്റെ സദ്ഫലങ്ങൾ ഉളവാകുകയെന്നും കേരള ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി വി.ടി അബ്ദുല്ലക്കോയ തങ്ങൾ പറഞ്ഞു. കെ.ഐ.ജി കുവൈത്ത് അബ്ബാസിയയിൽ സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ആത്മീയതയെയും ഭൗതികതയെയും സമന്വയിപ്പിച്ച ദർശനമാണ് ഇസ്‌ലാം. രാഷ്ട്രീയത്തെ മതത്തിൽ നിന്നും വേർപെടുത്തിയത് ഇസ്‌ലാമിന്റെ ശത്രുക്കളാണ്. ദൈവത്തിന്റെ പരമാധികാരം പൂർണമായും അംഗീകരിക്കേണ്ടത് തൗഹീദിന്റെ താൽപര്യത്തിന്റെ ഭാഗമാണ്. ദൈവത്തിന്റെ പരമാധികാരത്തിനെതിരാവാത്ത ജനാധിപത്യം പഠിപ്പിച്ചത് യഥാർഥത്തിൽ പ്രവാചകന്മാരാണ്. ഇസ്‌ലാമിനെ ആത്മീയ മേഖലകളിൽ പരിമിതപ്പെടുത്താൻ ശ്രമിച്ചപ്പോഴാണ് ബദീഉസമാൻ സഈദ് നൂർസിയുടെയും ഹസനുൽ ബന്നാ ശഹീദിന്റെയും അബുൽ അഅ്‌ലാ മൗദൂദിയുടെയും നേതൃത്വത്തിൽ ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ നവോത്ഥാന സംരംഭങ്ങൾ ആരംഭിച്ചത്. രാഷ്ട്രീയ ഉള്ളടക്കമുള്ള ഇസ്‌ലാമിനെ ജനങ്ങൾ സ്വീകരിക്കുന്ന കാഴ്ചയാണ് അറബ് വസന്തത്തിലൂടെ പ്രതിഫലിച്ചത്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ രംഗത്ത് വന്ന സംഘടനകൾ നിസ്സാര വിഷയത്തിന്റെ പേരിൽ പരസ്പരം പോരടിക്കുന്നത് സങ്കടകരമാണ്. മനുഷ്യരുമായി ബന്ധപ്പെട്ട നൂറുകൂട്ടം പ്രശ്നങ്ങൾ മുന്നിലിരിക്കുമ്പോൾ അനാവശ്യ വിവാദങ്ങളിൽ മാത്രം സമയം ചെലവഴിക്കുന്നവർ നവോത്ഥാന പ്രവർത്തനങ്ങളെ പിറകോട്ട് വലിക്കുകയാണ്. മത പണ്ഡിതന്മാർ ഇസ്‌ലാമിനെ അതിന്റെ തനത് രൂപത്തിൽ ജങ്ങങ്ങളെ പഠിപ്പിക്കുകയെന്ന അവരുടെ യഥാർഥ ദൗത്യം നിർവഹിക്കാൻ തയാറാകണം. അടിസ്ഥാന കാര്യങ്ങളും ശാഖാപരമായ കാര്യങ്ങളും വേർതിരിച്ച് മനസ്സിലാക്കാനും വീക്ഷണ വ്യത്യാസമുള്ള വിഷയങ്ങൾ പ്രതിപക്ഷ ബഹുമാനത്തോടെയും പരസ്പര ആദരവോടെയും ചർച്ച ചെയ്യാനും കഴിയുന്നവരാണ് പണ്ഡിതന്മാർ. അഭിപ്രായ വ്യത്യാസം ഇസ്‌ലാമിന്റെ ആരംഭകാലം മുതലേ ഉണ്ടായിരുന്നുവെങ്കിലും അവരാരും പരസ്പരം ചീത്തവിളിക്കുകയോ ഇസ്‌ലാമിന്റെ സംസ്കാരം കൈവിടുകയോ ചെയ്തിട്ടില്ല. യോജിപ്പിന്റെ മേഖലകൾ കണ്ടെത്തി ഐക്യപ്പെടുന്നതിന് പകരം ഭിന്നതയുടെ വേരുകൾ തെരയുന്നത് പൈശാചിക പ്രവണതയാണ്- അദ്ദേഹം പറഞ്ഞു.

കെ.ഐ.ജി പ്രസിഡന്റ് സക്കീർ ഹുസൈൻ തുവ്വൂർ അധ്യക്ഷത വഹിച്ചു. ജംഇയ്യത്തുൽ ഇസ്‌ലാഹ് വിദേശ സംഘടന വിഭാഗം തലവൻ ഡോക്ടർ സുലൈമാൻ അൽ ശത്തി പരിപാടി ഉദ്ഘാടനം ചെയ്തു. വി.പി ഷൗക്കത്തലി പ്രസംഗം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. ഫുആദ് ഷൗക്കത്തിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച പരിപാടിയിൽ കെ.ഐ.ജി ജനറൽ സെക്രട്ടറി അൻവർ സഈദ് സ്വാഗതവും പ്രോഗ്രാം കൺവീനർ എസ്.എ.പി ആസാദ് നന്ദിയും പറഞ്ഞു.



## സ്റ്റുഡന്റ്സ് ഇന്ത്യ യാത്രയപ്പ് നൽകി

**കുവൈത്ത്:** ഉപരി പഠനത്തിനായി നാട്ടിലേക്ക് പോകുന്ന മുഹമ്മദ് അസദ് മൊയ്തു, മുഹമ്മദ് ഫായിസ്, മുഹമ്മദ് മൻസാഫ് ഖാൻ, മുഹമ്മദ് ഫാദിൽ ആസാദ്, നസീം അഷറഫ് വാകത്ത് എന്നീ വിദ്യാർഥികൾക്ക് കേരള ഇസ്‌ലാമിക് ഗ്രൂപ്പിന്റെ വിദ്യാർഥി വിഭാഗമായ സ്റ്റുഡന്റ്സ് ഇന്ത്യ യാത്രയയപ്പ് നൽകി.

കെ.ഐ.ജിയുടെ അതിഥിയായി കുവൈത്തിലെത്തിയ ജമാഅത്തെ ഇസ്‌ലാമി കേരള സെക്രട്ടറി വി.ടി അബ്ദുല്ലക്കോയ തങ്ങൾ മുഖ്യാതിഥിയായിരുന്നു. പഠനകാലത്തും ഭാവി ജീവിതത്തിലും ജാഗരൂകരായി മുന്നോട്ട് പോകണമെന്നും മറ്റുള്ളവർക്ക് മാതൃക യാകണമെന്നും അദ്ദേഹം ഉണർത്തി. വിദ്യാർഥികൾക്ക് അദ്ദേഹം മെമെന്റോ നൽകി.

കേരള ഇസ്‌ലാമിക് ഗ്രൂപ്പ് പ്രസിഡന്റ് സക്കീർ ഹുസൈൻ തുവ്വൂർ അധ്യക്ഷത വഹിച്ചു



സ്റ്റുഡന്റ്സ് ഇന്ത്യ കോ-ഓർഡിനേറ്റർ വി.എസ് നജീബ് സ്വാഗതം ആശംസിച്ചു. റയ്യാൻ ഖലീൽ ഖിറാഅത്ത് നടത്തി.



*വിജയികൾ മലർവാടി ഭാരവാഹികൾക്കും അതിഥികൾക്കുമൊപ്പം*

## മലർവാടി വിജയികളെ ആദരിച്ചു

**ഖത്തർ:** ഇന്ത്യൻ റിപബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി മലർവാടി ഖത്തർ ഘടകം ഇന്ത്യൻ സ്കൂൾ കുട്ടികൾക്കായി നടത്തിയ ചിത്രരചനാ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ മൻസൂറയിലെ ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ ഹാളിൽ നടന്ന വർണശബളമായ പരിപാടിയിൽ വിതരണം ചെയ്തു. ഫെബ്രുവരി 15 ന്നു ശാന്തിനികേതൻ ഇന്ത്യൻ സ്കൂൾ വക്റ, അൽ വാഹ ക്ലബ് -അൽഖോർ എന്നിവിടങ്ങളിലായി നടന്ന മത്സരങ്ങളിൽ മൂവായിരത്തോളം കുട്ടികളാണ് പങ്കെടുത്തത്.

വിജയികൾക്ക് ഡോക്ടർ ശ്രീകുമാർ പത്മനാഭൻ, ശാന്തിനികേതൻ സ്കൂൾ പ്രസിഡന്റ് കെ.സി അബ്ദുല്ലത്വീഫ്, കാംലിൽ എം.ഡി നൗഫൽ കയാട്ട്, ഐ.ഐ.എ. മുൻ പ്രസിഡന്റ് സുബൈർ അബ്ദുല്ല, പ്രമുഖ കലാകാരനും കേരള ലളിത കലാ അക്കാദമി അവാർഡ് ജേതാവുമായ ഷാജി ചാലാട്, ഐ.ഐ.എ. വൈസ് പ്രസിഡന്റ് വി.ടി ഫൈസൽ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. പ്രശസ്ത ചിത്രകാരൻ സലിം അബ്ദുല്ല സമ്മാനാർഹമായ ചിത്രങ്ങളെ വിലയിരുത്തി സംസാരിച്ചു. സമ്മാനാർഹമായ ചിത്രങ്ങളുടെ പ്രദർശനവും നടന്നു. മലവാടി കോ-ഓർഡിനേറ്റർ വി.പി അബ്ദുല്ല ത്വീഫ്, സെക്രട്ടറി എം.എം അബ്ദുൽ ജലീൽ, ഐ.ഐ.എ സെക്രട്ടറി കെ. അബ്ദുസ്സലാം, ബാസിത്ത് ഖാൻ എന്നിവർ പരിപാടികൾ നിയന്ത്രിച്ചു.

## ഖുർആൻ സ്റ്റഡി സെൻറർ വിജയികളെ പ്രഖ്യാപിച്ചു

**അൽഖോബാർ:** തനിമ അൽഖോബാർ സോൺ വമിയുമായി സഹകരിച്ചു നടത്തിവരുന്ന ഖുർആൻ സ്റ്റഡി സെന്ററുകളിലെ രണ്ട്, മൂന്ന് വർഷ പഠിതാക്കൾക്കായി നടത്തിയ വാർഷിക പരീക്ഷാ വിജയികളെ പ്രഖ്യാപിച്ചു. മേഖലയിലെ 18 സെന്ററുകളിൽ പഠനം നടത്തുന്ന സ്ത്രീകളും പുരുഷന്മാരുമടക്കം നൂറിലധികം പേർ എഴുതിയ പരീക്ഷയിൽ മുഴുവൻ റാങ്കുകളും സ്ത്രീകൾ സ്വന്തമാക്കി. മൂന്നാം വർഷ പരീക്ഷയിൽ മുനവ്വിറ സയ്യിദ് ഒന്നാം റാങ്ക് കരസ്ഥമാക്കി. വി.എം സുഹ്റ രണ്ടാം റാങ്ക് നേടി. ജിസ്ന സാബിഖ്, ശാഹിന സിറാജ് എന്നിവർ മൂന്നാം സ്ഥാനം പങ്കിട്ടു. രണ്ടാം വർഷ പരീക്ഷയിൽ ശാഹിന സക്കരിയ്യ ഒന്നാം റാങ്ക് നേടിയപ്പോൾ ഫസീല നൗഷാദ്, കെ.വി ശാമില എന്നിവർ യഥാക്രമം രണ്ടും മൂന്നും റാങ്കുകൾ കരസ്ഥമാക്കി. മുഴുവൻ പഠിതാക്കളും നല്ല നിലവാരം പുലർത്തിയതായി മൂല്യനിർണയ കമ്മിറ്റി വിലയിരുത്തി.